# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4469 — 26.06.2014-ന് മറുപടിയ്ക്ക്

### വില്ലേജ് ഓഫീസുകളിലെ ജോലിഭാരവും സ്റ്റാഫ് പാറ്റേണും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളിലെ ജോലി ഭാരം അമിതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ വർദ്ധിച്ച ജോലിഭാരത്തിനനുസരിച്ച് വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) സംസ്ഥാനത്തെ എല്ലാ വില്ലേജോഫീസുകളിലും ഓരോ വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു. വില്ലേജോഫീസുകളിലെ ജോലി ഭാരം കണക്കിലെടുത്ത് സംസ്ഥാനത്തെ എല്ലാ വില്ലേജോഫീസുകളിലും കൂടുതൽ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനത്തിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Vatsala.S.O
സെക്ഷൻ ഓഫീസർ